ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ

*18 [76] ശ്രീ. പി. നാരായണൻ:

,, കെ. പി. രാജേന്ദ്രൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഇതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ആക്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ്;

(സി) ഏതൊക്കെ മേഖലകളിലാണ് സ്വകാര്യ പങ്കാളിത്തം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ആക്ട് നടപ്പിലാക്കുന്നതിന്റെ കാര്യങ്ങൾ പഠിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി ഏതെങ്കിലും കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 2003-ലെ ഇലക്ട്രിസിറ്റി ആക്ട് വകുപ്പ് 172(എ) പ്രകാരം 10-6-2004 മുതൽ ഒരു വർഷത്തേക്ക് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും, ലൈസൻസിയായും സംസ്ഥാന വൈദ്യുതി ബോർഡ് തുടരുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ആക്ട് 2003, വകുപ്പ് 180(2)-ൽ പറയുന്ന ചട്ടങ്ങൾ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003, വകുപ്പ് 185(1) പ്രകാരം ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻസ് ആക്ട്-1998 റദ്ദ് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത ആക്ട് ഇപ്പോൾ നിലവിലില്ല. എന്നാൽ ആക്ട് 2003 വകുപ്പ് 82 പ്രകാരം 1998-ലെ ആക്ട് അനുസരിച്ച് രൂപീകരിച്ച സംസ്ഥാന റഗുലേറ്ററി കമ്മീഷനുകളെ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(സി) ജനറേഷൻ മേഖലയിൽ മാത്രം.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly